**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ നളിനിപി എന്നവരുടെ സഹോദരിയും ആശ്രിതയുമായ ശ്രീമതി .പി . സുജാതയ്ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.**162/ 2019/ തസ്വഭവ.** തീയതി, തിരുവനന്തപുരം,**16/ 12/ 2019.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/ 99/ പി & എ ആർ.ഡി തീയതി, 24/ 5/ 1999.

2 )ജി.ഒ.(പി) നം. 24/ 99/ പി & എ ആർ.ഡി തീയതി, 18/ 12/ 1999.

3) ശ്രീമതി പി.സുജാതയുടെ 28/ 12/ 2017 ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 08.10.2018, 11.03.2019 എന്നീ തീയതികളിലെ ഇ 14- 21596/ 18 നമ്പർ കത്തുകൾ

5) മലപ്പുറം ജില്ലാ കളക്ടറുടെ 09/ 10/ 2019 ലെ DCMPM/ 4934/ 2019- A2 നം. കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ നളിനി . പി എന്നവരുടെ സഹോദരിയും ആശ്രിതയുമായ ശ്രീമതി . സുജാത . പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. പരേതയായ പി . നളിനിയ്ക്ക് 11 വർഷവും 08 മാസവും 02 ദിവസവും സേവനകാലമുണ്ട്.

2 മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ 23.10.2016 ലാണ് പി .നളിനി നിര്യാതയാവുന്നത്. അപേക്ഷകയായ ശ്രീമതി . സുജാത . പി പരേതയുടെ സഹോദരിയാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 10.04.1964 ആണ്. അപേക്ഷകയ്ക്ക് 55 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതയായ പി നളിനിയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന

സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 60,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും മലപ്പുറം ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ പി നളിനിയുടെ സഹോദരിയും ആശ്രിതയുമായ ശ്രീമതി .പി. സുജാതയ്ക്ക് (പല്ലിയാലിൽ ഹൗസ്, മങ്കട പി.ഒ,മലപ്പുറം-679 324.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1), (2) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മരണമടഞ്ഞ പി നളിനിയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി .പി. സുജാത (പല്ലിയാലിൽ ഹൗസ്, മങ്കട പി.ഒ,മലപ്പുറം-679 324.) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, മലപ്പുറം.
സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്, മലപ്പുറം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെ ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/ 329/ 18/ തസ്വഭവ)

ഉത്തരവിൻപ്രകാരം

Daniya MS

സെക്ഷൻ ഓഫീസർ